

**പി. ടി. തോമസ്**
(ഐ.എൻ.സി. – തൃക്കാക്കര)

ശ്രീ. പി. ടി. തോമസിന്റെയും ശ്രീമതി അന്നമ്മയുടെയും മകനായി 1950 ഒക്ടോബർ 15-ാം തീയതി കോട്ടയം ജില്ലയിലെ പ്ലാശ്ശനാൽ എന്ന സ്ഥലത്ത് ജനിച്ചു; എം.എ., എൽ.എൽ.ബി; അഭിഭാഷകൻ; രാഷ്ട്രീയ–സാമൂഹ്യ പ്രവർത്തകൻ.

**വഹിച്ച സ്ഥാനങ്ങൾ**

കെ.എസ്.യു. സംസ്ഥാന പ്രസിഡന്റ്.

യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി.

ഡി.സി.സി. ഇടുക്കി ജില്ലാ കമ്മിറ്റി പ്രസിഡന്റ്.

കെ.പി.സി.സി. വർക്കിംഗ് പ്രസിഡന്റ്.

എ.ഐ.സി.സി. അംഗം.

ഇടുക്കി ജില്ലാ കൗൺസിൽ അംഗം.

സംസ്ഥാന ലൈബ്രറി കൗൺസിൽ(15 വർഷം), സംസ്ഥാന ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി (5 വർഷം) എന്നിവയിൽ അംഗം.

വെനീസിൽ നടന്ന അന്താരാഷ്ട്ര യൂത്ത് ഫെസ്റ്റിവലിൽ ഇന്ത്യൻ സംഘതലവൻ (1989).

മാനവ സംസ്കൃതി സംസ്ഥാന ചെയർമാൻ, കേരള സർവ്വകലാശാല സെനറ്റ് അംഗം.

ലോക്സഭാംഗം, പാർലമെന്റിലെ വിവിധ കമ്മിറ്റികളിലെ അംഗം.

കേരള സർക്കാരിന്റെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുനഃപരിശോധന കമ്മിറ്റിയുടെ ചെയർമാൻ (2001-2006 & 2011-2016).

'വീക്ഷണം' ദിനപത്രത്തിന്റെ മാനേജിംഗ് ഡയറക്ടർ, ചീഫ് എഡിറ്റർ.

തൊടുപുഴ നിയോജകമണ്ഡലത്തിൽ നിന്നും 1991ൽ 9-ാം കേരള നിയമസഭയിലേക്കും 2001-ൽ 11-ാം കേരള നിയമസഭയിലേക്കും തൃക്കാക്കര നിയോജകമണ്ഡലത്തിൽ നിന്നും 2016-ൽ 14-ാം കേരള നിയമസഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

22.12.2021-ൽ അന്തരിച്ചു. 21.02.2022-ൽ കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു.

| | | |
|---|---|---|
| ഭാര്യ | : | ശ്രീമതി ഉമ തോമസ് (എം.എൽ.എ.) |
| കുട്ടികൾ | : | ഡോ. വിഷ്ണു തോമസ്<br>ശ്രീ. വിവേക് തോമസ് |

**തെരഞ്ഞെടുപ്പ് ഫലം**

| | | |
|---|---|---|
| സമ്മതിദായകർ | : | 1,94,113 |
| വോട്ടു ചെയ്തവർ | : | 1,36,570 |
| അഡ്വ. പി. ടി. തോമസ് (ഐ.എൻ.സി.) | : | 59,839 |
| ഡോ. ജെ. ജേക്കബ് (സ്വതന്ത്രൻ) | : | 45,510 |
| ശ്രീ. എസ്. സജി (ബി.ജെ.പി.) | : | 15,483 |